WRITTEN ANSWERS.

എൻ. എം. ആർ. തൊഴിലാളികൾ.

* 1509 [28] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എം. ആർ. തൊഴിലാളികൾക്ക് ഒരു മാസശമ്പളം അംഗീകരിക്കാൻ ഗവണ്മെന്റിനു മടിയുണ്ടാകുമോ;

(ബി) ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ടാർ അലവൻസ് വർദ്ധിപ്പിച്ച് 3 ശ്രപദിവസങ്ങളിലി ടാർവേല ചെയ്തുകൊണ്ടിരിക്കുന്ന എൻ. എം. ആർ തൊഴിലാളികൾക്ക് കൊടുത്തുകൊള്ളാമെന്നു് ഏതെങ്കിലും കോൺ ഫറൻസിൽ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) തൽക്കാലം സാദ്ധ്യമല്ല.

(ബി) ഇല്ല. പക്ഷെ ടാർജോലി ചെയ്യുന്നവർക്ക് 2 ശ്രപാ. വീതം ദിവസം കൊടുക്കുന്നതിനു് ഉത്തരവായിട്ടുണ്ടു്. ഈ ഉത്തരവു് നടപ്പിൽ വരുത്തിയിട്ടുമുണ്ടു്.

കുത്താളി ഭൂമിവിതരണം.

* 1510 [29] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താളി ഭൂമിവിതരണം 1959 ജനുവരി 26-നു് ആരംഭിച്ചെങ്കിലും തുടർന്നു നടന്നില്ലെന്നും തൻമൂലം ഭൂമി ലഭിക്കാൻ അർഹരായ കൃഷിക്കാർ ഈ കൊല്ലം ഭൂമി ലഭിക്കാതെ നിരാശരായിരിക്കുകയാണെന്നും ഗവണ്മെന്റിനറിയാമോ;

(ബി) അർഹരായവർക്ക് ഭൂമി പതിച്ചുകൊടുക്കുന്ന നടപടി എപ്പോൾ പൂർത്തിയാകും?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഭൂമി കൊടുത്തിട്ടില്ലെന്നറിയാം.

(ബി) എത്രയുംവേഗം കൊടുക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

പഞ്ചായത്തുകൾ.

* 1511. [41] ശ്രീ. എം. കണ്ണൻകുട്ടി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് ആകെ എത്ര പഞ്ചായത്തുകൾ ഉണ്ടു്;

(ബി) അവയിൽ സ്ഥിരം ആഫീസുകൾ നിർമ്മിച്ചിട്ടില്ലാത്തവ എത്ര;

(സി) ഡിലിമിറ്റേഷൻ അനുസരിച്ചു് വിസ്തീർണ്ണത്തിനും അതുത്തികൾക്കും യാതൊരു വ്യത്യാസവുമില്ലാത്ത പഞ്ചായത്തുകൾക്കു സ്ഥിരം ആഫീസുകൾ നിർമ്മിക്കുവാൻ ഗവണ്മെന്റു് വേണ്ട നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) 892.

(ബി) 493.

LIBRARY ARCHIVES Kerala Legislative Assembly